# പ്രമേഹമരുന്ന് എലികളിൽ ട്യൂമറുണ്ടാക്കി

ഗികളിൽ പരീക്ഷിച്ച മരുന്ന് ഡി. ആർ. എഫ് 2725 വിവാദമായതിനെ തുടർന്ന് മനുഷ്യരിലുള്ള പരീക്ഷണം നിർത്തിവച്ചു. ഡോ. റെഡ്ഡീസ് ലാബോട്ടറി വികസിപ്പിച്ച് ഡച്ച് ഔഷധ കമ്പനിയായ നോവോനോർ ഡിസ്കിന് ലൈസൻസ് നൽകിയ ഈ വിവാദ മരുന്ന് പ്രയോഗിച്ച എലികളിൽ ട്യൂമറുണ്ടായത് ഫെബ്രുവരിയിൽ തന്നെ നോവോ നോർഡിസ്ക് കണ്ടെത്തിയിരുന്നു. എന്നാൽ മനുഷ്യരിലുള്ള പരീക്ഷണം ജൂലൈ വരെ തുടർന്ന ശേഷമാണ് നിർത്തിവെച്ചത്. രോഗികളിൽ നടത്തുന്ന പരീക്ഷണങ്ങളുമായി തങ്ങൾക്ക് നേരിട്ട് ബന്ധമില്ലെന്ന് ഡോ. റെഡ്ഡീസ് ലാബിന്റെ നിലപാട്. എന്നാൽ മരുന്ന് പ്രയോഗിച്ച എലികളിൽ മൂത്രസഞ്ചിയിൽ ട്യൂമർ ഉണ്ടാകുന്നതായി ഈ വർഷം ആദ്യം തന്നെ കണ്ടെത്തിയതായി അവർ സമ്മതിക്കുന്നുണ്ട്.

(ദേശാഭിമാനി)